മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫ് പറഞ്ഞത് തികച്ചും ശരിയാണ്. പ്രകൃതിക്ഷോഭം വരുമ്പോൾ കർഷകർക്ക് നൽകുന്ന നഷ്ടപരിഹാരം ഇന്ന് നാമമാത്രമായി കുറഞ്ഞിരിക്കുകയാണ്. ദുരന്തപ്രതികരണ നിധിയിൽനിന്ന് നൽകുന്ന തുക നഷ്ടപരിഹാരമല്ല, മറിച്ച് അത് അടിയന്തര ആശ്വാസ ധനസഹായമാണെന്നാണ് ഇതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം. നഷ്ടപരിഹാരം എന്ന കൺസെപ്റ്റ് തന്നെ അവർ അംഗീകരിക്കുന്നില്ല. അതിനുപകരം അടിയന്തര ആശ്വാസധനസഹായം, അതും നാമമാത്രമാണ്. അത് മാറ്റണം. മാറ്റാൻ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഈ നിയമം മാറി വരുന്നത് എപ്പോഴാണെന്ന് അറിയാൻ സാധിക്കില്ല. അവർ പറയുന്നത് കേന്ദ്ര ഗവൺമെന്റിൽനിന്നും നൽകില്ല, അതുപോലെതന്നെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും എടുക്കാൻ സാധിക്കില്ല. അതുകൊണ്ട് സംസ്ഥാന ബഡ്ജറ്റിൽ ഇതിനായി പ്രത്യേക തുക നീക്കിവയ്ക്കണമെന്നാണ്. സംസ്ഥാന സർക്കാരിന് ഒരു പ്രത്യേക ദുരിതാശ്വാസ നിധിയുണ്ടെങ്കിലും അതും സാധിക്കില്ല. ഗവൺമെന്റ് ഇക്കാര്യം തീർച്ചയായും ആലോചിക്കും. റവന്യൂ, കൃഷി വകുപ്പുകളുമായി ആലോചിച്ച് നാമമാത്ര തുകയിൽനിന്ന് ഈ തുക വർദ്ധിപ്പിച്ച് നൽകാനുള്ള തീരുമാനം ഏറ്റവും വേഗത്തിലെടുക്കുമെന്ന് പറയാനാഗ്രഹിക്കുകയാണ്.

3. റവന്യൂ ഭൂമി കയ്യേറ്റം

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലം കേരള-കർണ്ണാടക അതിർത്തിയിലാണ്. അവിടെ നമ്മുടെ വനാതിർത്തിയിലേയ്ക്ക് കർണ്ണാടകം കയ്യേറ്റം നടത്തിക്കൊണ്ടിരിക്കുകയാണ്. പണ്ടുകാലം മുതൽ സംസ്ഥാന രൂപീകരണ സമയത്തു തന്നെ വനത്തിൽ സ്ഥാപിച്ചിട്ടുള്ള ജണ്ടകളുണ്ട്. ആ ജണ്ടകൾ അവിടെ നിലനിൽക്കെ തന്നെ ആ ജണ്ടകളെയും സർവ്വേക്കല്ലുകളെയും അവഗണിച്ചുകൊണ്ട് കേരള അതിർത്തിയിലേയ്ക്ക് കയ്യേറി പുതിയ ജണ്ടകൾ നിർമ്മിച്ചിരിക്കുന്നു. ബാരാപോൾ എന്ന ജലവൈദ്യുത പദ്ധതി അവിടെയുള്ള പുഴയിലാണ്. പുഴയുടെ അക്കരെ നമുക്ക് സ്ഥലമുണ്ട്. ആ സ്ഥലത്ത് വീടുകളുണ്ട്. ആ വീടുകൾക്കും ആ സ്ഥലത്തെ ആളുകൾക്കും പട്ടയവും ആധാരവും തുടങ്ങിയ എല്ലാ കൈവശരേഖകളുമുണ്ട്. അവർ വീട്ടുനികുതിയും ഭൂനികുതിയും കേരളത്തിൽ അടയ്ക്കുന്നുമുണ്ട്. ഒരു അവകാശവാദം ഉന്നയിക്കുന്നതിനുവേണ്ടി കർണ്ണാടകം മെല്ലെ മെല്ലെ കയ്യേറിക്കൊണ്ടിരിക്കുകയാണ്. ജില്ലാ കളക്ടർ സ്ഥലം സന്ദർശിച്ചിരുന്നു. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിക്കും റവന്യൂ വകുപ്പുമന്ത്രിക്കും ഞാൻ പരാതി നൽകി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

കളക്ടർ കടകിലെ കളക്ടറുമായി ആലോചിച്ച് പുതുതായി നിർമ്മിച്ച ജണ്ടകൾ പൊളിച്ചുമാറ്റും എന്ന് ഉറപ്പു നൽകിയിരുന്നെങ്കിൽപ്പോലും അത് പൊളിച്ചുമാറ്റുന്നതിനുപകരം കയ്യേറ്റത്തിനനുകൂലമായി ട്രഞ്ച് കീറുന്ന ഒരു പ്രോസസ് അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം അവിടെ ഞാൻ വീണ്ടും പോയിരുന്നു. കർണ്ണാടക ഫോറസ്റ്റ് അധികാരികളുമായി സംസാരിച്ച് തൽക്കാലം അത് നിറുത്തിവച്ചിട്ടുണ്ട്. എന്നാൽ കൂടുതൽ ഫോട്ടോടുകൂടി അവർ വരാനും കേരളത്തിന്റെ ധാരാളം ഭൂമി കയ്യേറാനുമുള്ള സാഹചര്യം നിലനിൽക്കുന്നു. രാഷ്ട്രീയ നേതൃതലത്തിലോ സംസ്ഥാനാടിസ്ഥാനത്തിൽ ഉന്നതതലത്തിലോ ഈ വിഷയത്തിൽ ഒരു ശാശ്വത പരിഹാരമുണ്ടാക്കി നിലവിലെ അതിർത്തി അംഗീകരിക്കുന്ന തരത്തിൽ ഒരു തീർപ്പുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് ഇവിടെ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടയുടനെതന്നെ കളക്ടറോടും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനോടും സർവ്വേ ഉദ്യോഗസ്ഥരോടും ഇതുസംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടുകൾ ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നു. കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്ക് അയ്യൻകുന്ന് വില്ലേജിൽ ഉൾപ്പെടുന്നതും കേരള അതിർത്തിയിൽപ്പെടുന്നതുമായ സ്ഥലം കർണ്ണാടക വനം വകുപ്പുദ്യോഗസ്ഥർ കയ്യേറുന്നതായ റിപ്പോർട്ടിനെത്തുടർന്ന് സർവ്വേ അധികൃതർ നടത്തിയ പരിശോധനയിൽ കേരള അതിർത്തിയിൽ 7 മീറ്റർ വരെ കയ്യേറി പുതിയ ജണ്ടകൾ സ്ഥാപിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള-കർണ്ണാടക സംസ്ഥാനത്തിലെ റവന്യൂ സർവ്വേ ടീമുകൾ ബന്ധപ്പെട്ട റിക്കോർഡുകൾ സഹിതം സംയുക്തമായി പരിശോധന നടത്തി അതിരുകൾ നിർണ്ണയിച്ച് ജണ്ടകളും സർവ്വേക്കല്ലുകളും പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അത് എത്രയും വേഗം ത്വരിതപ്പെടുത്താൻ ശ്രമിക്കുന്നതാണ്.

4. നൂറുവർഷം പൂർത്തീകരിച്ച സ്കൂളുകൾക്ക് പ്രത്യേക പരിഗണന

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവ്വമായ ഒരു സംഭവമാണ് ചില ഗവൺമെന്റ് വിദ്യാലയങ്ങൾ 100 വർഷം പിന്നിട്ടിട്ടുണ്ടെന്നുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ 7 യു.പി. സ്കൂളുകളും 2 ഹയർ സെക്കണ്ടറി സ്കൂളുകളും 110 വർഷം പിന്നിട്ടിരിക്കുകയാണ്. ആയിരക്കണക്കിന് കുട്ടികൾക്ക് ഗവൺമെന്റ് മേഖലയിൽ തന്നെ പഠിക്കണമെന്ന ആഗ്രഹം, 100 വർഷങ്ങളായി കേരള സമൂഹത്തിൽ നിലനിൽക്കുകയാണ്. ഗവൺമെന്റ് അത് കണ്ടില്ല എന്ന് നടിക്കരുത്. അങ്ങനെയുള്ള പ്രധാനപ്പെട്ട 100 വർഷം പിന്നിട്ട

LIBRARY ARCHIVES Kerala Legislative Assembly